LIBRARY ARCHIVES Kerala Legislative Assembly

നികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ

27 [484] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04, 2004-05, 2005-06, ജനുവരി 15 വരെയും വിൽപ്പന നികുതി, എക്സൈസ് നികുതി, കാർഷികാദായ നികുതി എന്നീ ഇനങ്ങളിൽ എന്തു തുക വീതം പിരിച്ചെടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ ഇനങ്ങളിൽ പിരിഞ്ഞുകിട്ടിയതും പിരിച്ചെടുക്കേണ്ടതുമായ തുക സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇതിൽ 5 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ നികുതി കുടിശ്ശിക വരുത്തിയ വ്യക്തികളും സ്ഥാപനങ്ങളും ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2003-04, 2004-05, 2005-06, ജനുവരി 15 വരെ വിൽപ്പന നികുതി, എക്സൈസ് നികുതി, കാർഷികാദായ നികുതി എന്നീ ഇനങ്ങളിൽ പിരിച്ചെടുത്ത തുക ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

	2003-04	2004-05	2005-06	
വിൽപ്പന നികുതി	6081.13	6797.44	5214.12	
എക്സൈസ് നികുതി	663.55	738.39	558.03	(2006 ജനുവരി 31 വരെ)
കാർഷികാദായ നികുതി	8.59	6.33	0.64	

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) എക്സൈസ് നികുതിയിനത്തിൽ കുടിശ്ശിക വരുത്തിയ വ്യക്തികളും സ്ഥാപനങ്ങളും ഇല്ല. വിൽപ്പന നികുതി, കാർഷികാദായ നികുതി ഇനങ്ങളിലെ കുടിശ്ശികയുടെ വിവരം ശേഖരിച്ചുവരുന്നു.

ഡീസലിന്റെയും പെട്രോളിന്റെയും മേലുള്ള വിൽപ്പന നികുതി

28 [485] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡീസലിന്റേയും പെട്രോളിന്റേയും അടിസ്ഥാന വില എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ ലിറ്ററിന് എത്ര രൂപയ്ക്കാണ് സംസ്ഥാനത്ത് ഡീസലും പെട്രോളും വിൽക്കുന്നത് ;

(സി) ഏതെല്ലാം നികുതികളാണ് ഡീസൽ, പെട്രോൾ എന്നിവയ്ക്ക് സംസ്ഥാനം ചുമത്തിയിട്ടുള്ളതെന്നും അത് എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ;

(ഡി) ഡീസൽ, പെട്രോൾ ഇവയിൻമേലുള്ള നികുതിയിനത്തിൽ ശരാശരി എന്തു തുകയാണ് സംസ്ഥാനത്തിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ വിൽപ്പന നികുതിയുള്ളത് കേരളത്തിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഏറ്റവും ഒടുവിലത്തെ വിലവർദ്ധനമൂലം എന്തു തുകയാണ് സംസ്ഥാനത്തിന് അധികം ലഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ജി) വിൽപ്പന നികുതി നിരക്കിൽ കുറവു വരുത്തി ഡീസൽ, പെട്രോൾ ഇവയുടെ വില കുറയ്ക്കുന്നതിന് സംസ്ഥാന സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഒരു ലിറ്റർ ഡീസലിന് 26.96 രൂപയും ഒരു ലിറ്റർ പെട്രോളിന് 35.75 രൂപയുമാണ് അടിസ്ഥാന വില.

(ബി) ഇപ്പോൾ ഡീസൽ ലിറ്ററിന് 33.51 രൂപയ്ക്കും പെട്രോൾ ലിറ്ററിന് 45.91 രൂപയ്ക്കുമാണ് കൊച്ചിയിൽ വിൽക്കുന്നത്.

(സി) കേരള പൊതുവിൽപ്പന നികുതി നിയമം 1963 പ്രകാരം ഡീസലിന് 22.42 ശതമാനവും പെട്രോളിന് 26.04 ശതമാനവും നികുതി ചുമത്തുന്നു. വിൽപ്പന നികുതി നിയമപ്രകാരം മറ്റു നികുതികളൊന്നും ചുമത്തുന്നില്ല.

(ഡി) പെട്രോളിന് പ്രതിമാസം 48.39 കോടിയും ഡീസലിന് 75.02 കോടിയും നികുതിയിനത്തിൽ ശരാശരി ലഭിക്കുന്നു.

(ഇ) ഇല്ല.

(എഫ്) ഏറ്റവും ഒടുവിലായി പെട്രോൾ, ഡീസൽ എന്നിവയുടെ വില വർദ്ധിപ്പിച്ചത് 7-9-2005-ലാണ്. പക്ഷെ ഉപഭോക്താക്കൾക്കുണ്ടാകുന്ന അമിതഭാരം ലഘൂകരിക്കുന്നതിന് സർക്കാർ എസ്. ആർ. ഒ. 883/05 തീയതി 8-9-2005 പ്രകാരം ഡീസൽ, പെട്രോൾ എന്നിവയുടെ നികുതി 24 ശതമാനം, 28 ശതമാനത്തിൽ നിന്നും യഥാക്രമം 22.42 ശതമാനം, 26.04 ശതമാനമായി കുറച്ചതുകൊണ്ട് സംസ്ഥാനത്തിന് അധിക വരുമാനം ലഭിച്ചിട്ടില്ല.

(ജി) ഇപ്പോൾ പരിഗണനയിലില്ല.

നൂറനാട് വൺമാൻ ട്രഷറി, സബ്ട്രഷറി ആക്കുന്നതിന് നടപടി

29 [486] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നൂറനാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വൺമാൻ ട്രഷറി, സബ്ട്രഷറി ആക്കുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly